പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1633     13-07-2011 ന് മറുപടിക്ക്

## കൈവശാവകാശ ഭൂമിയിലെ വൃക്ഷങ്ങളുടെ ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ : | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) 2006 - ലെ കേന്ദ്ര വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് കൈവശാവകാശം ലഭിച്ച ഭൂമിയിലെ നടീൽ വൃക്ഷങ്ങളായ പ്ലാവ്, ആഞ്ഞിലി, മാവ് തുടങ്ങിയവ അവർക്ക് സ്വന്തം ആവശ്യത്തിന് നൽകാത്തതിന്റെ കാരണങ്ങളെന്തെന്ന് വ്യക്തമാക്കുമോ;<br>(ബി) ഈ വൃക്ഷങ്ങൾ മുറിക്കുന്നതിനും അവ ഉപയോഗിക്കുന്നതിനുമുള്ള അധികാരം ആദിവാസികൾക്ക് നൽകുമോ? | (എ) യും (ബി) യും<br>2006- ലെ വനാവകാശ നിയമ പ്രകാരം ആദിവാസികൾക്ക് വന ഭൂമിയിൽ താമസിക്കുന്നതിനും, ഉപജീവനത്തിനായി കൃഷി ചെയ്യുന്നതിനുമുള്ള അവകാശമാണ് നൽകിയിട്ടുള്ളത്. കൈവശം ലഭിക്കുന്ന ഭൂമിയിൽ നിൽക്കുന്ന മരങ്ങളുടെ അവകാശം വനാവകാശ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാലാണ് കൈവശാവകാശം ലഭിച്ച ഭൂമിയിലെ നടീൽ വൃക്ഷങ്ങളായ പ്ലാവ്, ആഞ്ഞിലി, മാവ് തുടങ്ങിയവ അവർക്ക് സ്വന്തം ആവശ്യത്തിന് നൽകാത്തത്. |

സെക്ഷൻ ഓഫീസർ